REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് വൈകാതെ ന്യൂനമർദ്ദമായി മാറിയേക്കുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം**
- **ഭുവനേശ്വറിൽ DGP മാരുടേയും IGP മാരുടേയും സമ്മേളനം ഇന്ന് സമാപിക്കും.**
- **ഇന്ന് BSF രൂപീകരണദിനം.**
- **ഇരുമ്പനം ട്രാക്കോ കേബിളിലെ തൊഴിലാളികൾക്ക് മൂന്നുമാസത്തിനകം പാക്കേജ് നടപ്പാക്കുമെന്ന് ചെയർമാൻ.**
- **റെയ്ഡ്കോയുടെ ഭക്ഷ്യോത്പന്നങ്ങളുടെ വിദേശ കയറ്റുമതി ഇന്ന് ആരംഭിക്കും.**
- **ലക്നൗവിൽ സയ്യിദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റ് ഫൈനൽ അല്പസമയത്തിനകം.**

## വാർത്തകൾ വിശദമായി

പുതുച്ചേരി തീരത്തുകൂടി അർദ്ധരാത്രിയോടെ കടന്ന് പോയ ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് പടിഞ്ഞാറ് - തെക്ക്-പടിഞ്ഞാറ് ദിശയിലൂടെ സഞ്ചരിച്ച് വൈകാതെ ന്യൂനമർദ്ദമായി ദുർബലപ്പെട്ടേക്കുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു. ഇതിന്റെ സ്വാധീനത്താൽ പുതുച്ചേരിയിൽ തുടർച്ചയായ കനത്തമഴ തുടരുമെന്നാണ് സൂചന.

ഡെസ്ക് റിപ്പോർട്ട്.........

.........വോയ്സ്..........

പുതുച്ചേരിയിലും ചെന്നൈ, വില്ലുപുരം, കടലൂർ, തിരുവണ്ണാമലൈ, കാഞ്ചീപുരം എന്നിവിടങ്ങളിലും അതിശക്തമായ മഴയിൽ വ്യാപകമായി വെള്ളക്കെട്ടും ഗതാഗത തടസ്സവും ഉണ്ടായി. ഇന്നും പലയിടത്തും കനത്ത മഴ പെയ്യുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പിൽ പറയുന്നു.

ഫെയ്ഞ്ചൽ ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട അപകടങ്ങളിൽ ചെന്നൈയിൽ മൂന്ന് പേർ മരിച്ചതായി റിപ്പോർട്ടുണ്ട്.

ഫെയ്ഞ്ചൽ ചുഴലിക്കാറ്റിന്റെ ഭാഗമായി പുതുച്ചേരിയിൽ വെള്ളക്കെട്ടിൽ കുടുങ്ങിയ 100 ഓളം പേരെ  ചെന്നൈ ഗാരിസൺ ബറ്റാലിയനിലെ ഇന്ത്യൻ സൈന്യം രക്ഷപ്പെടുത്തി. ജില്ലാഭരണകൂടം സൈനികസഹായം തേടിയതിനെത്തുടർന്നാണ് സൈന്യം രക്ഷാപ്രവർത്തനത്തിനെത്തിയത്. അഞ്ചടിയോളം ഉയരത്തിൽ വെള്ളക്കെട്ട് രൂപപ്പെട്ട് 500-ഓളം വീടുകൾ വെള്ളത്തിനടിയിലായ കൃഷ്ണനഗർ മേഖലയിലായിരുന്നു രക്ഷാദൗത്യം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഭുവനേശ്വറിൽ സംസ്ഥാന പൊലീസ് DGP മാരുടെയും IGP മാരുടെയും അഖിലേന്ത്യാ സമ്മേളനത്തിൽ ഇന്നും പങ്കെടുക്കും. ത്രിദിന സമ്മേളനത്തിന്റെ അവസാന ദിവസമായ ഇന്ന് ദേശീയസുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യും.

ആഭ്യന്തരമന്ത്രി അമിത്ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ആഭ്യന്തര സെക്രട്ടറി ഗോബിന്ദ് മോഹൻ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്ന് അതിർത്തി രക്ഷാ സേന രൂപികരണ ദിനം. 1965 ഡിസംബർ ഒന്നിനാണ് ഈ സേനാവിഭാഗം രൂപീകരിച്ചത്.  1965 ലെ ഇന്ത്യ- പാകിസ്ഥാൻ യുദ്ധത്തെ തുടർന്നാണ് പാകിസ്ഥാനും ബംഗ്ലാദേശുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിന് BSF രൂപീകരിച്ചത്. അതുവരെ അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിലെ പൊലീസിനായിരുന്നു അതിർത്തി ചുമതല. ലോകത്തെ ഏറ്റവും വലിയ അതിർത്തി രക്ഷാ സൈന്യം എന്ന ബഹുമതി BSF നാണ്.

പ്രധാനമന്ത്രി നരേന്ദ്ര മോദി BSF സേനാംഗങ്ങൾക്ക് ഊഷ്മള ആശംസകൾ നേർന്നു. രാജ്യ രക്ഷയിലെ നിർണായക അതിർത്തി രേഖ സൃഷ്ടിക്കുന്ന

സേനാംഗങ്ങൾ ധീരതയുടെയും ആത്മാർപ്പണത്തിന്റെയും സേവനനിരതയുടെയും പ്രതീകമാണെന്ന് സാമൂഹമാധ്യമ പോസ്റ്റിൽ അദ്ദേഹം കുറിച്ചു. അവരുടെ ജാഗ്രതയും ധൈര്യവും രാജ്യത്തിന്റെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതായി പ്രധാനമന്ത്രി എടുത്തു പറഞ്ഞു.

✪✪✪

മഹാരാഷ്ട്രയിൽ മഹായുതി ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് വ്യാഴാഴ്ച വൈകിട്ട് മുംബൈയിലെ ആസാദ് മൈതാനിയിൽ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ചടങ്ങിൽ പങ്കെടുക്കുമെന്ന് BJP മഹാരാഷ്ട്ര പ്രസിഡന്റ് ചന്ദ്രശേഖർ ബവൻകുലെ സാമൂഹ്യമാധ്യമ പോസ്റ്റിൽ അറിയിച്ചു.

മഹായുതി സഖ്യം നിയമസഭാ തിരഞ്ഞെടുപ്പിൽ 288-ൽ 230 സീറ്റുകൾ നേടിയാണ് വീണ്ടും അധികാരത്തിലെത്തിയത്.

✪✪✪

ഇന്ന് ലോക എയ്ഡ്സ് ദിനം. HIV ബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും HIV പ്രതിരോധത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

ദിനാചരണത്തിന്റെ ദേശീയതല പരിപാടി മധ്യപ്രദേശിലെ ഇൻഡോറിൽ കേന്ദ്രമന്ത്രി JP നദ്ദ ഉദ്ഘാടനം ചെയ്യും. സംസ്ഥാനങ്ങളിലും ജില്ലാതലത്തിലും വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

2025-നകം പുതിയ വൈറസ് ബാധ ഇല്ലാതാക്കാൻ ഒന്നായ് പൂജ്യത്തിലേക്ക് ക്യാംപയിനുമായി മുന്നോട്ടുപോവുകയാണ് സംസ്ഥാനമെന്ന് മന്ത്രി വീണാജോർജ് പറഞ്ഞു..

✪✪✪

HIV ബാധിതരുടെ സാന്ദ്രത കുറഞ്ഞ സംസ്ഥാനമാണ് കേരളമെങ്കിലും വൈറസ് ബാധാ വ്യാപനം തള്ളിക്കളയാനാവില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ലോക എയ്ഡ്സ് ദിനത്തിൽ രോഗപ്രതിരോധത്തിന്റെ പ്രധാന്യത്തെക്കുറിച്ച് സമൂഹ മാധ്യമക്കുറിപ്പിലാണ് മുഖ്യമന്ത്രി മുന്നറിയിപ്പ് നൽകിയത്.

രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പദ്ധതികൾക്കും വലിയ പ്രാധാന്യമുണ്ടെന്നും ഗവൺമെന്റ് വിവിധ ഇടപെടലുകൾ നടത്തിവരികയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി .

✪✪✪

സംസ്ഥാന പൊതുമേഖല സ്ഥാപനമായ ഇരുമ്പനം ട്രാക്കോ കേബിളിലെ തൊഴിലാളികൾക്ക് മൂന്നുമാസത്തിനകം പാക്കേജ് നടപ്പാക്കുമെന്ന് ചെയർമാൻ V. ബാലചന്ദ്രൻ പറഞ്ഞു. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നടപടികൾ എടുത്തുവരികയാണെന്നും അദ്ദേഹം കൊച്ചിയിൽ അറിയിച്ചു. കഴിഞ്ഞ ദിവസം മരണപ്പെട്ട ജീവനക്കാരൻ ഉണ്ണി മാനസിക സംഘർഷം അനുഭവിച്ചിരുന്നുവെന്നും ചെയർമാൻ പറഞ്ഞു.

ദീർഘകാലമായി ശമ്പളം കിട്ടാത്തതിനെത്തുടർന്നാണ് ജീവനക്കാരനായ ഉണ്ണി ആത്മഹത്യ ചെയ്തതെന്നാണ് സഹപ്രവർത്തകരുടെ ആരോപണം.

✪✪✪

വിദ്യാർത്ഥികൾ രക്ഷിതാക്കളുടെ ഇഷ്ടത്തിനനുസരിച്ചല്ല സ്വന്തം ഇഷ്ടത്തിനും അഭിരുചിക്കും അനുസരിച്ച് ഉപരിപഠന മേഖല തിരഞ്ഞെടുക്കണമെന്ന് നിയമസഭ സ്പീക്കർ AN ഷംസീർ പറഞ്ഞു. NSS ഉത്തരാമേഖലാതലത്തിലെ മികച്ച പ്രോഗ്രാം ഓഫീസറായി തിരഞ്ഞെടുത്ത തലശ്ശേരി ബ്രണ്ണൻ സ്കൂളിലെ റീജ റഷീദിന്റെ അനുമോദനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ.

✪✪✪

കൊച്ചിയിൽ രണ്ടിടത്ത് ഇന്നലെ രാത്രി തീപിടിത്തമുണ്ടായി. എറണാകുളം സൗത്ത് റയിൽവേ മേൽപ്പാലത്തിനു സമീപം ആക്രി ഗോഡൗണിലും നെടുമ്പാശ്ശേരി വിമാനത്താവളത്തിന് സമീപം ഹോട്ടലിലുമാണ് തീപിടിത്തമുണ്ടായത്. ആളപായമില്ല.

ന്യൂസ് ഡെസ്കിൽനിന്ന് കൂടുതൽ വിവരങ്ങൾ.

--------------(വോയ്സ്)-----------------

എറണാകുളം സൗത്ത് റയിൽവേ മേൽപ്പാലത്തിനു സമീപം ആക്രി ഗോഡൗണിൽ ഇന്നലെ അർദ്ധരാത്രിയോടെയാണ് തീപിടിത്തമുണ്ടായത്. പത്ത് അഗ്നിരക്ഷാ നിലയങ്ങളിൽ നിന്നെത്തിയ 15 അഗ്നിശമന വാഹനങ്ങളും 200 ഓളം സേനാംഗങ്ങളും ചേർന്നാണ് തീ അണച്ചത്.

സമീപത്തെ ലോഡ്ജിലെയും വീടുകളിലെയും താമസക്കാരെ ഒഴിപ്പിച്ചു. ഗോഡൗണിലുണ്ടായിരുന്ന ആറ് ഇതരസംസ്ഥാന തൊഴിലാളികളെ അഗ്നിശമന സേന രക്ഷപ്പെടുത്തി. എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനിൽ നിന്ന് ആലപ്പുഴ ഭാഗത്തേക്ക് നിർത്തിവച്ച ട്രെയിൻ ഗതാഗതം രണ്ട് മണിക്കൂറിനുശേഷമാണ് പുനഃസ്ഥാപിച്ചത്.

നെടുമ്പാശ്ശേരി വിമാനത്താവളത്തിന് സമീപം ഹോട്ടലിന്റെ കാർപാർക്കിംഗ് ഏരിയയിലായിരുന്നു തീപിടുത്തം. ഒരു കാർ പൂർണമായും മൂന്ന് കാറുകളും ഏതാനും ബൈക്കുകളും ഭാഗികമായും കത്തി നശിച്ചു. ഹോട്ടലിലെ എയർകണ്ടീഷണറുകളും വൈദ്യുതി വയറുകളും കത്തിപ്പോയി. ലക്ഷങ്ങളുടെ നാശനഷ്ടമാണ് കണക്കാക്കുന്നത്.

✪✪✪

റെയ്ഡ്കോ ഭക്ഷ്യോത്പന്നങ്ങളുടെ വിദേശ കയറ്റുമതി ഇന്ന് ആരംഭിക്കും. ആദ്യഘട്ടത്തിൽ UAE ലേക്കും തുടർന്ന് ഖത്തർ, സൗദി അറേബ്യ, ഒമാൻ, ബഹറിൻ എന്നിവിടങ്ങളിലേക്കുമാണ് കയറ്റുമതി ചെയ്യുക. മാവിലായി കറിപൗഡർ ഫാക്ടറിയിൽ ഉച്ചകഴിഞ്ഞ് മന്ത്രി P. രാജീവ് കയറ്റുമതി ഉദ്ഘാടനം ചെയ്യും.

✪✪✪

വയനാട് MP പ്രിയങ്കഗാന്ധിയുടെ മണ്ഡല സന്ദർശനം തുടരുന്നു. മാനന്തവാടിയിലെ റോഡ് ഷോയ്ക്ക് ശേഷം പൊതുസമ്മേളനത്തിൽ അവർ ഇപ്പോൾ പങ്കെടുക്കുകയാണ്. തുടർന്ന് സുൽത്താൻബത്തേരിയിലും കൽപ്പറ്റയിലും പ്രിയങ്കക്ക് സ്വീകരണം ഒരുക്കിയിട്ടുണ്ട്.

✪✪✪

കണ്ണൂർ കോർപറേഷനിലെ കാനാമ്പുഴ പുനരുജ്ജീവന പ്രക്രിയ അവസാനഘട്ടത്തിലേക്ക്. സംസ്ഥാനത്തെ ആദ്യ നദി പുനരുജ്ജീവന പദ്ധതിയാണിത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

...വോയ്സ്.......

മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്ന് ആരംഭിച്ച് അറബിക്കടലിൽ ചേരുന്ന കാനാമ്പുഴയെയാണ് വീണ്ടെടുക്കുന്നത്.താഴെ ചൊവ്വ ചീപ്പ് പാലം മുതൽ തിലാന്നൂർ ശിശുമന്ദിരം റോഡ് വരെയുള്ള കാനാമ്പുഴയുടെ ഭാഗങ്ങളാണ് ഒന്നാം ഘട്ടത്തിൽ പുനരുദ്ധരിച്ചത്. പുഴയിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് കരിങ്കൽ പാർശ്വഭിത്തി നിർമ്മിക്കുകയും പാടശേഖരങ്ങളിലെ ജലസേചനാവശ്യാർഥം നീർച്ചാലുകൾ നിർമിക്കുയും ചെയ്തു. വിനോദസഞ്ചാര ഉദ്ദേശത്തോടെ പുഴയുടെ ഇരുവശങ്ങളിലും നടപ്പാത നിർമ്മിച്ച് കയർ ഭൂവസ്ത്രം വിരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു. കാനാമ്പുഴ പുനരുജ്ജീവനം പൂർത്തിയായതോടെ എളയാവൂർ, പെരിങ്ങളായി പാടശേഖരങ്ങളിലെ കൃഷി വ്യാപിപ്പിക്കാൻ

സാധിച്ചു. കാനാമ്പുഴയുടെ പുനരുജ്ജീവന പ്രവർത്തനത്തിന് ഇതിനകം ദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഹരിത കേരളം മിഷനും ജല സേചന വകുപ്പും മറ്റ് വിവിധ വകുപ്പുകളും ഒരുമിച്ചുള്ള പ്രവർത്തനങ്ങളാണ് ഫലപ്രാപ്തിയിൽ എത്തുന്നത്.കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഒന്നാം ഘട്ടം ഡിസംബർ 26 ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.

✪✪✪

ലക്നൗവിൽ സയ്യിദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ PV സിന്ധുവും ലക്ഷ്യാസെന്നും ഫൈനലിൽ പ്രവേശിച്ചു. ഫൈനൽ മത്സരങ്ങൾ അല്പസമയത്തിനകം നടക്കും. സിന്ധു ചൈനീസ് താരത്തെയും, ലക്ഷ്യാസെൻ സിങ്കപ്പൂർ താരത്തെയുമാണ് ഫൈനലിൽ നേരിടുന്നത്.

വനിതാ ഡബിൾസിൽ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യവും ഫൈനലിൽ പ്രവേശിച്ചു. മിക്സഡ് ഡബിൾസിലും ഇന്ത്യൻ സഖ്യം ഫൈനലിലെത്തി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഒഡീഷ FC ബംഗളുരു FC യെ നേരിടും. രാത്രി ഏഴരയ്ക്ക് ഭുവനേശ്വറിലാണ് മത്സരം.

✪✪✪

പാലായിൽ സംസ്ഥാന ടെക്നിക്കൽ സ്കൂൾ കായികമേളയിൽ സുൽത്താൻ ബത്തേരി ഗവൺമെന്റ് THS മുന്നേറുന്നു. 46 ഇനങ്ങളിൽ മത്സരം പൂർത്തിയായപ്പോൾ ബത്തേരിക്ക് 19 പോയിന്റ് ഉണ്ട്.15 പോയിന്റുമായി ചിറ്റൂർ ഗവൺമെന്റ് THS ആണ് രണ്ടാം സ്ഥാനത്ത്. മേളയിന്ന് സമാപിക്കും.

✪✪✪

ഭിന്നശേഷി ക്ഷേമ ദേശീയ സംഘടന, സക്ഷമയുടെ ദിവ്യാംഗ സേവാ കേന്ദ്രം അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ മറ്റന്നാൾ കോഴിക്കോട് കേസരി ഭവനിൽ ഉദ്ഘാടനം ചെയ്യും. സക്ഷമ കേരളം സംസ്ഥാന പ്രസിഡന്റ് ഡോ. രാമചന്ദ്രൻ മന്നത്ത് കേന്ദ്രം ഭിന്നശേഷിക്കാർക്ക് സമർപ്പിക്കും.

✪✪✪

ഒക്ടോബർ ഒമ്പതു മുതൽ ഇതുവരെ പാലക്കാട് ജില്ലയിൽ 54,500 മെട്രിക് ടൺ നെല്ല് സംഭരിച്ചതായി സപ്ലൈകോ അറിയിച്ചു. 90 ശതമാനം നെല്ലും മില്ലുകാർ സംഭരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും സംഭരണ വില ബാങ്ക് മുഖേന അനുവദിക്കുന്നതിന് നടപടി ക്രമങ്ങൾ നടന്നു വരുന്നതായും പാഡി ഓഫീസർ വ്യക്തമാക്കി.

✪✪✪

ശബരിമലയിൽ രാവിലെ 10 മണി വരെ 28,773 തീർഥാടകർ ദർശനം നടത്തി.

സന്നിധാനത്ത് രാവിലെ മുതൽ ശക്തമായ മഴയാണ് അനുഭവപ്പെടുന്നത്. മല കയറ്റത്തെ ഇത് കാര്യമായി ബാധിച്ചിട്ടുണ്ട്. പമ്പയിൽ നിന്നും അപ്പാച്ചി മേടുവഴിയാണ് തീർഥാടകരെ കയറ്റി വിടുന്നത്.

✪✪✪

മംഗലം ഡാം ഇറിഗേഷൻ സ്ഥലത്ത് സ്ഥിരതാമസമാക്കിയ കൂലിത്തൊഴിലാളികൾക്ക് പട്ടയം നൽകണമെന്ന് പാലക്കാട് ജില്ലാ വികസന സമിതി യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. അറുപത് വർഷങ്ങൾക്ക് മുൻപ് ഡാം ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വന്ന് ഇവിടെ സ്ഥിരതാമസമാക്കിയവർക്ക് പട്ടയം ലഭിച്ചിട്ടില്ലെന്നും പ്രമേയത്തിൽ വ്യക്തമാക്കി.

✪✪✪